**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.29** **23/01/2018- ൽ മറുപടി നൽകേണ്ടത്**

## നാറ്റ്പാകിലെ അനധികൃത നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഒ.രാജഗോപാൽ** | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സർവ്വീസ് റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ മറികടന്ന് ശ്രീ.സഞ്ജയ് ആർ.ജെ.യെ ടെക്നിക്കൽ ഓഫീസറായി നിയമിക്കാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | പ്രോജക്ട് എക്കണോമിസ്റ്റ് ആയി നാലു വർഷത്തോളം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീ.സഞ്ജയ് ആർ. ജെ. യുടെ സേവനം, ടിയാന്റെ മികവ് കണക്കിലെടുത്ത്, നാറ്റ്പാക്കിന്റെ എക്സ്റ്റൻഷൻ സർവീസസ് ഡിവിഷനിൽ സ്ഥിരമായി ലഭ്യമാക്കണമെന്ന നാറ്റ്പാക് ഡിവിഷൻ ഹെഡിന്റെയും ഡയറക്ടറുടേയും ശുപാർശ പരിശോധിച്ച നാറ്റ്പാക് മാനേജ്മെന്റ് കമ്മിറ്റിയുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടിയാന് ടെക്നിക്കൽ ഓഫീസറായി നിയമനം നൽകിയത്. |
| (ബി) | 23/11/2015-ലെ സ.ഉ.(സാധാരണ) നം.107/2015/എസ് &ടിഡി ഉത്തരവ് പുറപ്പെടുവിച്ച ഫയലിന്റെ പകർപ്പ് (നോട്ട് ഫയലും കറന്റ് ഫയലും) ലഭ്യമാക്കുമോ; | (ബി) | തീർപ്പ്ഫയൽ കണ്ടെത്താനായില്ല. |
| (സി) | പ്രസ്തുത നിയമനം അനധികൃതമായാണ് നടത്തിയിട്ടുള്ളതെങ്കിൽ ആയത് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | നിയമനം അനധികൃതമായല്ല നടത്തിയിട്ടുള്ളത്. |
| (ഡി) | നാട്പാകിൽ ഇത്തരത്തിലുള്ള മറ്റ് അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുമോ? | (ഡി) | അനധികൃത നിയമനങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ